"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് സ്കൂൾ - ജീവനക്കാര്യം - നെയ്യാറ്റിൻകര കരുംകുളം സെന്റ് ആൻഡ്രൂസ് എൽ.പി.എസ്.ലെ എൽ.പി.എസ്.റ്റി. ആയ ശ്രീമതി സുനി എ.വി. സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.1793/2026/GEDN    തീയതി,തിരുവനന്തപുരം, 28-02-2026

---

പരാമർശം:-

1. ശ്രീമതി സുനി എ.വി. സമർപ്പിച്ച 16/09/2025-ലെ റിവിഷൻ ഹർജി.
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 12/11/2025-ലെ എഫ്1/21379/2025/ഡിജിഇ നമ്പർ കത്ത്.
3. തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 18/11/2025-ലെ ഡിഡിഇ/4515/2025-ബി5 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

നെയ്യാറ്റിൻകര കരുംകുളം സെന്റ് ആൻഡ്രൂസ് എൽ.പി.എസ്.ലെ എൽ.പി.എസ്.റ്റി. ആയ ശ്രീമതി സുനി എ.വി. യുടെ നിയമന അംഗീകാരവുമായി ബന്ധപ്പെട്ട് 18/11/2025 തീയതിയിൽ ബന്ധപ്പെട്ട കക്ഷികളുടെ വാദം കേട്ടു.

<u>2. ഹർജിക്കാരിയായ ശ്രീമതി സുനി എ.വി. യുടെ വാദഗതികൾ ചുവടെപ്പറയും പ്രകാരമാണ്.</u>

മാനേജർ എന്നെ 10/07/2007 മുതൽ കരുംകുളം സെന്റ് ആൻഡ്രൂസ് എൽ.പി.എസ്.-ൽ 2007-2008-ൽ കുട്ടികളുടെ എണ്ണത്തിന്റെ വർദ്ധനവ് അനുസരിച്ച് അനുവദിക്കേണ്ടിയിരുന്ന പ്രതീക്ഷിത അധിക തസ്തികയിൽ എൽ.പി.എസ്.റ്റി. ആയി നിയമിക്കുകയും ഞാൻ അന്നുമുതൽ തന്നെ ജോലിയിൽ പ്രവേശിച്ച് സേവനത്തിൽ തുടരുകയും ചെയ്യുന്നു.

2007-2008, 2008-2009 എന്നീ വർഷങ്ങളിൽ കുട്ടികളുടെ എണ്ണത്തിന്റെ വർദ്ധനയ്ക്ക് അനുസരിച്ച് 8 -ക്ലാസ് ഡിവിഷനുകൾ അനുവദിച്ചിരുന്നു എങ്കിലും അധിക തസ്തിക അനുവദിക്കുന്നതിന് നിലനിന്ന വിലക്ക് കാരണം എന്നെ നിയമിച്ചിരുന്ന 8-ാമത്തെ അധിക തസ്തിക അനുവദിച്ചിരുന്നില്ല. 2009-10-ൽ അധിക ഡിവിഷനും തസ്തികയും അനുവദിച്ചെങ്കിലും നിയമനത്തിന് അംഗീകാരം ലഭിച്ചില്ല.

പിന്നീട് സർക്കാർ 01.06.2011 മുതൽ കൊണ്ടുവന്ന അധ്യാപക പാക്കേജിൽ ഉൾപ്പെടുത്തി 01.06.2011 മുതൽ നിയമനാംഗീകാരം തന്നു. അത് കാരണം 10.07.2007 മുതൽ 31.05.2011 വരെയുള്ള കാലം ജോലി ചെയ്തു എങ്കിലും മാനേജർ അധിക തസ്തികയ്ക്ക് ബാധകമായ 1:1 റേഷ്യോ പാലിക്കാത്തതിനാൽ അംഗീകാരം ലഭിച്ചില്ല.

സർക്കാർ ഉത്തരവ് 10/2010/പൊ.വി.വ തീയതി 12.01.2010 പ്രകാരമുള്ള ബോണ്ട് മാനേജർ യഥാസമയം നൽകിയിരുന്നെങ്കിൽ നിയമന തീയതിയായ 10.07.2007 മുതൽ തന്നെ

നിയമനാംഗീകാരം ലഭിക്കുമായിരുന്നു. ഹർജിക്കാരിയുടെ കുറ്റം കൊണ്ടല്ല നിയമനാംഗീകാരം ലഭിക്കാതെ പോയത്. ഇതുകാരണം എനിക്ക് 4 വർഷത്തെ ശംബളവും സേവനനഷ്ടവും നേരിട്ടു.

സമാനമായ നിരവധി കേസുകളിൽ മാനേജർ ബോണ്ട് വച്ചതായി കണക്കാക്കി ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ നിലനിൽക്കുന്ന കേസിൽ ഉണ്ടാകുന്ന അന്തിമവിധിക്ക് വിധേയമായി നിയമനതീയതി മുതൽ തന്നെ അംഗീകാരം നൽകിയിട്ടുണ്ട്. അത്തരത്തിലുള്ള 8 കേസുകളാണ് ഞാൻ റിവിഷൻ ഹർജിയിൽ കാണിച്ചിട്ടുള്ളതും ഉത്തരവുകളുടെ പകർപ്പ് ഹർജിയോടൊപ്പം സമർപ്പിച്ചിട്ടുള്ളതും. നിയമം അനുശാസിക്കുന്ന "Equality before law and Equal protection' എന്ന തത്വം കണക്കിലെടുത്ത് സമാനകേസുകളിൽ അനുവദിച്ചിട്ടുള്ള ആനുകൂല്യം എനിക്ക് കൂടി ബാധകമാക്കി 10.07.2007 മുതൽ 31.05.2011 കാലത്തേയ്ക്ക് അംഗീകാരം നൽകാൻ ഉത്തരവിട്ട് നീതി നടപ്പിലാക്കണമെന്ന് ബോധിപ്പിക്കുന്നു.

<u>3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ചുവടെപ്പറയും പ്രകാരമാണ്</u>.

കരുംകുളം സെന്റ് ആൻഡ്രൂസ് എൽ.പി.എസ്.ൽ 2007-08 അധ്യയന വർഷത്തിൽ കുട്ടികളുടെ എണ്ണത്തിന്റെ വർദ്ധനവ് അനുസരിച്ച് അനുവദിക്കേണ്ടിയിരുന്ന പ്രതീക്ഷിത അധിക തസ്തികയിൽ ശ്രീമതി സുനി എ.വി. യെ എൽ.പി.എസ്.ടി. ആയി മാനേജർ 10/07/2007 മുതൽ നിയമിക്കുകയും ടിയാൾ അന്ന് മുതൽ തന്നെ സേവനത്തിൽ പ്രവേശിക്കുകയും ചെയ്തു. 2007-08 വർഷത്തിൽ കുട്ടികളുടെ എണ്ണത്തിനനുസരിച്ച് ഒരു അധിക ഡിവിഷൻ ഉൾപ്പെടെ ആകെ 8 ക്ലാസ്സ് ഡിവിഷനുകൾക്ക് അർഹത ഉണ്ടായിരുന്നുവെങ്കിലും അധിക തസ്തിക അനുവദിക്കുന്നതിന് ജി.ഒ.(പി)നം.317/2005/പൊവിവ തീയതി 17/08/2005 പ്രകാരം വിലക്ക് നിലനിന്നതത് കാരണം 8-ാമത്തെ തസ്തിക അനുവദിച്ചിരുന്നില്ല. തുടർന്ന് G.O.(P)10/2010/GEDN Dated 12/10/2010 പ്രകാരം അധിക തസ്തിക അനുവദിച്ച് നൽകിയിരുന്നുവെങ്കിലും 10/10 ലെ വ്യവസ്ഥകൾക്ക് വിധേയമായി മാനേജർ അധിക തസ്തികയ്ക്ക് ബാധകമായ 1:1 റേഷ്യോ പാലിക്കുന്നതിനുള്ള ബോണ്ട് സമർപ്പിക്കാത്തതിനാൽ ടി നിയമനം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും നിരസിച്ച നൽകി.

തുടർന്ന് ടി അധ്യാപികയെ അധ്യാപക പാക്കേജിൽ ഉൾപ്പെടുത്തി എ.ഇ.ഒ. യിൽ നിന്നും നിയമനാംഗീകാരം നൽകിയിട്ടുണ്ട്. 2007-08 ൽ അനുവദിച്ച അധിക തസ്തിക 2008-09, 2009-10, 2010-11 എന്നീ അധ്യയന വർഷങ്ങളിലും തുടരുന്നുണ്ട്. നിലവിൽ സർക്കാർ ഉത്തരവ് സ.ഉ.10/2010 ബഹു: കോടതിയുടെ പരിഗണയിൽ ആണ്. അധിക തസ്തിക 2008-09, 2009-10, 2010-11 എന്നീ അധ്യയന വർഷങ്ങളിലും തുടരുന്നതിനാൽ സർക്കാർ ഉത്തരവ് സ.ഉ.10/2010 ലെ വ്യവസ്ഥകൾക്ക് അനുസൃതമായി കോടതി വിധിക്ക് വിധേയമായി മറ്റുവിധത്തിൽ യോഗ്യമെങ്കിൽ ടിയാളുടെ നിയമനം പരിഗണിക്കാവുന്നതാണ് എന്ന് അറിയിക്കുന്നു.

4. സർക്കാർ ഈ വിഷയം ലഭ്യമായ റിപ്പോർട്ടുകളുടെയും നിലവിലെ ചട്ടങ്ങളുടെയും ഹിയറിംഗിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. കരുംകുളം സെന്റ് ആൻഡ്രൂസ് എൽ.പി.എസിൽ 2007-2008 അധ്യയന വർഷത്തിലെ പ്രതീക്ഷിത അധിക തസ്തികയിൽ ശ്രീമതി സുനി എ.വി.യെ എൽ.പി.എസ്.റ്റി. ആയി മാനേജർ 10/07/2007 മുതൽ നിയമിച്ചു. ജി.ഒ.(പി)317/2005/പൊവിവ തീയതി 17/08/2005 പ്രകാരം വിലക്ക് നിലനിന്നിരുന്നതിനാൽ അധിക തസ്തിക അനുവദിച്ചിരുന്നില്ല. തുടർന്ന് G.O.(P)10/2010/GEdn dated 12/10/2010 പ്രകാരം അധിക തസ്തികയിലെ നിയമനം ടി ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം അംഗീകരിക്കുവാൻ അനുവദിച്ചു

എങ്കിലും മാനേജർ ബോണ്ട് സമർപ്പിക്കാത്തതിനാൽ ടി നിയമനം നിരസിക്കപ്പെട്ടു. പിന്നീട് ശ്രീമതി സുനി എ.വി. ക്ക് അധ്യാപക പാക്കേജിൽ ഉൾപ്പെടുത്തി 01/06/2011 മുതൽ നിയമനാംഗീകാരം നൽകി. 2007-2008 വർഷത്തിൽ അനുവദിച്ച അധിക തസ്തിക 2008-2009, 2009-2010, 2010-2011 എന്നീ വർഷങ്ങളിലും തുടരുന്നതായി വിദ്യാഭ്യാസ ഓഫീസർമാർ അറിയിച്ചിട്ടുണ്ട്.

5. അധിക തസ്തികകളിലെ നിയമനങ്ങൾക്ക് 12/01/2010 ലെ ജി.ഒ.(പി) 10/2010/പൊവിവ പ്രകാരമുള്ള ബോണ്ട് മാനേജർ സമർപ്പിക്കുകയാണെങ്കിൽ അവർക്ക് നിയമന തീയതി മുതൽ തന്നെ അംഗീകാരം നൽകാൻ സർക്കാർ ഉത്തരവായിരുന്നു. എന്നാൽ മാനേജർ യഥാസമയം ബോണ്ട് സമർപ്പിക്കാത്തതിനാൽ ആണ് ശ്രീമതി സുനിക്ക് ഈ ആനുകൂല്യം ലഭിക്കാത്തത്.

6. സമാനമായ നിരവധി കേസുകളിൽ കോടതി നിർദേശത്തിന്റെ അടിസ്ഥാനത്തിൽ ഇത്തരത്തിലുള്ള നിയമനങ്ങൾക്ക് മാനേജർ ബോണ്ട് വെച്ചതായി കണക്കാക്കി (Deemed provision) നിയമന തീയതി മുതൽ നിയമനാംഗീകാരം ലഭിച്ചിട്ടുള്ളതിനാൽ ഈ ആനുകൂല്യം ബാധകമാക്കി തന്റെ 10/07/2007 മുതൽ 31/05/2011 വരെയുള്ള കാലത്തേക്ക് കൂടി നിയമനാംഗീകാരം ലഭ്യമാക്കണമെന്നാണ് ഹർജിക്കാരി ശ്രീമതി സുനിയുടെ ആവശ്യം.

7. മേൽ സാഹചര്യത്തിൽ വിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്ത പ്രകാരം മാനേജർ 12/01/2010 ലെ ജി.ഒ.(പി) 10/2010/പൊവിവ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി അധികതസ്തികയിൽ നിയമിച്ചവർക്ക് തുല്യമായ എണ്ണം തസ്തികകളിൽ സംരക്ഷിതാധ്യാപകരെ നിയമിക്കാത്തതിനാൽ നിയമനാംഗീകാരം ലഭിക്കാത്ത കേസുകളിൽ തത്തുല്യ എണ്ണം അധ്യാപകരെ സുപ്രീം കോടതിവിധിക്ക് വിധേയമായി നിയമിച്ചാൽ മതിയാകുമെന്ന വ്യവസ്ഥയിൽ ബോണ്ട് വച്ചതായി കണക്കാക്കി (deemed provision) വിവിധ കോടതിവിധികൾ പ്രകാരം നിയമനാംഗീകാരം നൽകുന്നുണ്ട് എന്നതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വ്യവസ്ഥ ബാധകമാക്കി ശ്രീമതി സുനി എ.വി. യുടെ 10/07/2007 മുതൽ 31/05/2011 വരെയുള്ള നിയമനം അംഗീകരിക്കാൻ നെയ്യാറ്റിൻകര എ.ഇ.ഒ.-യ്ക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

8. മേൽ പ്രകാരം നെയ്യാറ്റിൻകര കരുംകുളം സെന്റ് ആൻഡ്രൂസ് എൽ.പി.എസ്.ലെ എൽ.പി.എസ്.റ്റി. ആയ ശ്രീമതി സുനി എ.വി. സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

ശ്രീമതി സുനി എ.വി., എൽ.പി.എസ്.റ്റി., സെന്റ് ആൻഡ്രൂസ് എൽ.പി.എസ്., കരുംകുളം, നെയ്യാറ്റിൻകര.
മാനേജർ, സെന്റ് ആൻഡ്രൂസ് എൽ.പി.എസ്., കരുംകുളം, നെയ്യാറ്റിൻകര.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം-695 014.
വിദ്യാഭ്യാസ ഉപഡയറക്ടർ, തിരുവനന്തപുരം-695 036.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, നെയ്യാറ്റിൻകര.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, വെബ് ആന്റ് ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി. (എ1/179/2025/പൊവിവ)

ഉത്തരവിൻ പ്രകാരം

Signed by Abeeja Raj B
Date: 28-02-2026 16:56:40

സെക്ഷൻ ഓഫീസർ